(സി) പ്രസ്തുത കാലയളവിൽ വിവിധ പദ്ധതികളിലും ഏജൻസികളിലുമായി എത്ര പേരുടെ അപേക്ഷകൾ ഭവന നിർമ്മാണ സഹായത്തിനായി ലഭിച്ചു എന്നും ഓരോ വർഷവും എത്രപേർക്ക് ധനസഹായം നൽകി എന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലാന്റ് റവന്യൂ കമ്മീഷണറുടെ 26-11-2013-ലെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 4,70,606 കുടുംബങ്ങൾ ഉണ്ട്.

(ബി) വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

ഭവന നിർമ്മാണ പദ്ധതികൾ

150 (157) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 വർഷത്തിൽ ഭവന നിർമ്മാണ മേഖലയിൽ പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാം; ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ; എത്ര പേർക്ക് ഭവന നിർമ്മാണസഹായം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വ്യക്തമാക്കാമോ ;

(ബി) ഭവന വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ കട ബാദ്ധ്യത ലഘൂകരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) എല്ലാവർക്കും പാർപ്പിടം പദ്ധതി, സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് തുച്ഛമായ നിരക്കിൽ വീടുകൾ വാടകയ്ക്ക് ലഭ്യമാക്കുന്ന സാന്ത്വനം പദ്ധതി, ഭവന നിർമ്മാണ ബോർഡിന്റെ കൽപ്പറ്റയിലുള്ള സ്വന്തം സ്ഥലത്ത് മുതിർന്ന പൗരൻമാർക്കുവേണ്ടിയുള്ള പകൽസമയ വിശ്രമ കേന്ദ്രം എന്നിവയാണ് 2015-16 വർഷത്തിൽ ഭവന നിർമ്മാണ വകുപ്പുമുഖേന നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ.

സാന്ത്വനം പദ്ധതിയ്ക്ക് 7.5 കോടി രൂപയും, മുതിർന്ന പൗരൻമാർക്കുവേണ്ടിയുള്ള പകൽസമയ വിശ്രമ കേന്ദ്രം പദ്ധതിക്ക് 2 കോടി രൂപയും 2015-16 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എല്ലാവർക്കും പാർപ്പിടം പദ്ധതിയ്ക്ക് തുക വകയിരുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വീട് നിർമ്മിക്കുന്നതിന് ധനസഹായവും വീട് നിർമ്മിച്ച് നൽകുന്നതുമുൾപ്പെടെ 1.72 ലക്ഷം കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കുന്നതിനാണ് എല്ലാവർക്കും പാർപ്പിടം പദ്ധതി മുഖേന ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) ഇല്ല.

സാഫല്യം ഭവന പദ്ധതി

151 (158) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഭവനനിർമ്മാണ ബോർഡ് മുഖാന്തിരം ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന സാഫല്യം ഭവനപദ്ധതി പ്രകാരമുള്ള ഫ്ലാറ്റ് നിർമ്മാണത്തിന് ആകെ വിനിയോഗിച്ചത് എത്ര രൂപയാണെന്നും പ്രസ്തുത പദ്ധതി പ്രകാരം വിഭാവനം ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ;

(ബി) മേൽപദ്ധതി പൂർത്തീകരിച്ചുവോ; എങ്കിൽ എത്ര ഗുണഭോക്താക്കൾക്ക് താമസസൗകര്യം ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ ; ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് എന്നത്തേക്ക് താമസസൗകര്യം നൽകുമെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത ഫ്ലാറ്റിലെ താമസക്കാർക്ക് കുടിവെള്ളം, ശൗചാലയം, വൈദ്യുതി, ഖരമാലിന്യസംസ്കരണം എന്നീ പ്രാഥമിക ആവശ്യങ്ങൾ ലഭ്യമാക്കുവാൻ നാളിതുവരെ ചെയ്ത നടപടികൾ എന്തൊക്കെയാണ് ;

(ഡി) പ്രസ്തുത ആവശ്യങ്ങൾ നിറവേറ്റുന്നതിലേയ്ക്കായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് എന്താണെന്നും, അവ എങ്ങനെ പരിഹരിക്കുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ചാത്തന്നൂർ സാഫല്യം ഭവന പദ്ധതിയിൽ 48 ഫ്ലാറ്റുകളുടെ നിർമ്മാണത്തിനായി ആകെ 1,68,19,295 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 48 ഫ്ലാറ്റുകളുടെ നിർമ്മാണവും വാട്ടർ സപ്ലൈയും, സാനിട്ടറി, ഇന്റേണൽ ഇലക്ട്രിഫിക്കേഷൻ എന്നിവയാണ് വിഭാവനം ചെയ്തിരുന്നത്.

(ബി) ടി പദ്ധതി പൂർത്തീകരിച്ചു. 48 ഗുണഭോക്താക്കൾക്ക് ആണ് താമസസൗകര്യം ഉള്ളത്. ടി ഫ്ലാറ്റ് ഗുണഭോക്താക്കൾക്ക് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly